**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2551** **24-06-2024 - ൽ മറുപടിയ്ക്ക്**

**അന്താരാഷ്ട്ര വിപണിയിൽ ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ മത്സരക്ഷമത ഉറപ്പാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | അന്താരാഷ്ട്ര വിപണിയിൽ ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ മത്സരക്ഷമത ഉറപ്പാക്കുന്നതിന് സഹായകരമായ പദ്ധതികൾ നിലവിലുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്, 2023 വ്യവസായ - വാണിജ്യ നയത്തിന്റെ ഏഴ് പ്രധാന മേഖലകളിലൊന്നാണ് കേരള ബ്രാൻഡിന്റെ വികസനം. കേരളത്തിന്റെ തനത് ഉൽപന്നങ്ങൾക്ക് കേരള ബ്രാൻഡ് സൃഷ്ടിച്ച് അവയുടെ ഗുണനിലവാരം ലോകത്തിന് ബോധ്യപ്പെടുക എന്നതാണ് നയത്തിന്റെ ലക്ഷ്യം. കേരളത്തിനകത്ത് ഉൽപാദിപ്പിക്കപ്പെടുന്ന ഉൽപന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുകയും വിപണനം പ്രോത്സാഹിപ്പിക്കുകയും ചെയ്യുകയെന്നുള്ളതാണ് കേരള ബ്രാൻഡിലൂടെ ഉന്നം വെക്കുന്നത്. ഉൽപന്നത്തിന്റെ ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കപ്പെടാൻ സന്നദ്ധതയുള്ള ഉൽപാദകരുടെ വിപണന അവസരങ്ങൾ വർധിപ്പിക്കുന്നതിന് കേരള ബ്രാൻഡിന് കഴിയും. കേരള ബ്രാൻഡ് സർട്ടിഫിക്കേഷൻ നേടുന്ന ഉൽപന്നങ്ങൾ 'മെയ്ഡ് ഇൻ കേരള' എന്ന ബ്രാൻഡ് നാമത്തിൽ തദ്ദേശീയ വിദേശ കമ്പോളങ്ങളിൽ വിൽപന നടത്താനുള്ള പദ്ധതിയാണ് 'കേരള ബ്രാൻഡ്'. കേരളത്തിലെ ഉൽപന്നങ്ങൾക്ക് 'ബ്രാൻഡ് ഇമേജ് സൃഷ്ടിച്ച് ആഗോള ഉപഭോക്താക്കളുടെ ഇടയിൽ ഇടം പിടിക്കുന്നതിന് കേരള ബ്രാൻഡിന് കഴിയും. ആദ്യ ഘട്ടമായി വെളിച്ചെണ്ണയാണ് കേരളാ ബ്രാൻഡ് നൽകുന്നതിന് തെരഞ്ഞെടുത്തിരിക്കുന്നത്. തുടർന്ന് കേരളാ ബ്രാൻഡ് നൽകുന്നതിനു അനുയോജ്യമായ മറ്റു ഉത്പ്പന്നങ്ങൾ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി കണ്ടെത്തുന്നതിനും അവയുടെ മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിനും ലക്ഷ്യം വച്ചുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ദേശീയ അന്തർദേശീയ രംഗങ്ങളിലെ ഉപഭോക്താക്കൾക്ക് സംസ്ഥാനത്തെ ചെറുകിട വ്യവസായ ഉല്പാദകരുമായി ബന്ധപ്പെടാൻ സൗകര്യമൊരുക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഉണ്ട്, സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭകർക്ക് വിപണി കണ്ടെത്തുന്നതിനും സാങ്കേതികപരമായി പുരോഗമനം നേടുന്നതിനും വ്യാവസായിക യൂണിറ്റുകളുടെ ഉല്പന്നങ്ങൾ ബ്രാന്റ് ചെയ്തു വിൽപ്പന നടത്തുന്നത് |

| | | | |
|---|---|---|---|
| | | | പ്രോത്സാഹിപ്പിക്കുന്നതിനുമായി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ മുഖേനെ വിവിധ വ്യാപാര മേളകൾ സംഘടിപ്പിക്കുകയും ദേശീയ-അന്തർദേശീയ തലങ്ങളിൽ നടക്കുന്ന വ്യാപാര മേളകളിൽ സൂക്ഷ്മ- ചെറുകിട-ഇടത്തരം യൂണിറ്റുകൾക്ക് പങ്കെടുക്കുവാനുള്ള അവസരം ഒരുക്കിക്കൊടുക്കുകയും ചെയ്യുന്നു. കൂടാതെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭകർക്ക് വിപണി കണ്ടെത്തുന്നതിനും സാങ്കേതികപരമായി പുരോഗമനം നേടുന്നതിനുമായി കേന്ദ്രീകൃത ഓൺ ലൈൻ പ്ലാറ്റ്ഫോമായ ബി 2 ബി ബിസിനസ്സ് പോർട്ടൽ പ്രവർത്തിച്ചു വരുന്നു. |
| (സി) | ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങളുടെ വിപണനത്തിനായി വാണിജ്യ മിഷൻ പദ്ധതി പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഉണ്ട്, കേരള ബ്രാൻഡ് നടപ്പിലാക്കി ഉൽപ്പന്നങ്ങൾ യഥാർത്ഥ്യമാക്കുവാനും അത് വഴി ഉൽപ്പാദനവും വിപണനവും കാര്യക്ഷമമാക്കുന്നതിനും കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനുമായി സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് G.O(Rt)No.1329/2018/ID തീയതി 03.12.2018 പ്രകാരം രൂപീകരിച്ച വാണിജ്യ മിഷൻ G.O(Rt)No. 935/2021 /ID തീയതി 01.09.2021 പ്രകാരം പുനസംഘടിപ്പിച്ചിട്ടുണ്ട്.<br><br>വാണിജ്യ മിഷന്റെ ലക്ഷ്യങ്ങൾ താഴെ പറയുന്നവ യാണ്.<br><br>1.സംസ്ഥാനത്തെ ചെറുകിട വ്യാപാര മേഖലയെ പ്രോത്സാഹിപ്പിക്കുകയും വളർത്തുകയും ചെയ്യുക. ടൂറിസം വകുപ്പുമായി ചേർന്ന് മേളകൾ സംഘടിപ്പിക്കുക<br><br>2.സംസ്ഥാനത്തെ സംരംഭങ്ങളുടെ നവീകരണ ത്തിനായി കപ്പാസിറ്റി വർദ്ധിപ്പിക്കൽ, സാങ്കേതികവിദ്യ ഏറ്റെടുക്കൽ, ക്ലസ്റ്റർ വികസനം തുടങ്ങിയവയ്ക്കുള്ള കൈത്താങ്ങ് നൽകുക.<br><br>3.ഇന്ത്യയിലും വിദേശങ്ങളിലുമായി നടക്കുന്ന പ്രധാനപ്പെട്ട ഫെയറുകളിൽ സംസ്ഥാനത്തു നിന്നും സംരംഭക പ്രതിനിധികളെ പങ്കെടുക്കുന്നതിന് വിവിധ രീതിയിൽ സഹായിക്കുക.<br><br>4.കേരളത്തിലെ നിക്ഷേപകർ/ സംരംഭകർക്ക് ദേശീയ അന്തർദേശീയ വിപണികളെപ്പറ്റി അവബോധം നൽകുക.<br><br>5.ഡെലിഗേറ്റുകളെ ഇത്തരം മേളകളിലും സമ്മേളനങ്ങളിലും പങ്കെടുക്കുന്നതിനുള്ള അവസരം നൽകി ബിസിനസ്സ് ബന്ധം സ്ഥാപിക്കുക. |

| | | | |
|---|---|---|---|
| | | | 6.ദേശീയ അന്തർദേശീയ തലങ്ങളിൽ കേരളത്തിലെ വിവിധ ഉൽപ്പന്നങ്ങളെ ആവശ്യക്കാർക്ക് നേരിട്ട് വിപണനം നടത്തുക.<br><br>7.കേരളത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന തനതായ ഉൽപ്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ വിഭാഗത്തിലും സംസ്ഥാന തലത്തിൽ മേളകളും പ്രദർശനങ്ങളും സംഘടിപ്പിക്കുക.<br><br>8.സംസ്ഥാനത്തിന് മത്സരാധിഷ്ഠിത നേട്ടമുള്ള മേഖലകളിലെ കയറ്റുമതി ത്വരിതപ്പെടുത്തുന്നതിന് ആവശ്യമായ പിന്തുണാ നടപടികൾ തിരിച്ചറിയുകയും ബന്ധപ്പെട്ട വകുപ്പുകൾ നോഡൽ ഏജൻസികൾ, വ്യവസായ അസോസിയേഷനുകൾ എന്നിവയുടെ പിന്തുണയോടെ അത് സുഗമമാക്കുകയും ചെയ്യുന്നു.<br><br>9.കയറ്റുമതിക്കാരുടെ അറിവ് വർദ്ധിപ്പിക്കുന്നതിനും അന്താരാഷ്ട്ര ഇടപാടുകളിൽ പ്രോത്സാഹനം നൽകുന്നതിനും ജില്ലാ വ്യവസായ കേന്ദ്രങ്ങളുടേയും വ്യവസായ അസോസിയേഷനുകളുടെയും ഇടപെടൽ. |

സെക്ഷൻ ഓഫീസർ